# Desabhimani

# 27 August 2018

# Kochi, After Flood, Restoring Electricity

## വീടുകളിലെ വൈദ്യുതബന്ധം പുനഃസ്ഥാപിച്ചു നൽകുന്നു

**കൊച്ചി**

കെഎസ്ഇബിയുമായി സഹകരിച്ചും സ്വന്തം നിലയിലും പ്രളയബാധിതരെ സഹായിച്ച് ഇലക്ട്രിക്കൽ വയർമെൻ ആൻഡ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ ഓഫ് കേരള (സിഐടിയു) അംഗങ്ങൾ. പ്രളയം ബാധിച്ച വീടുകളിലെ വയറിങ്ങുകൾ സൗജന്യമായി നന്നാക്കി നൽകിയാണ് ഇവർ മാതൃകയാകുന്നത്. പറവൂരിലും ആലുവയിലുമായി നാനൂറിലധികം വീടുകളിലെ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ ഇവർക്കായി.

പുനരധിവാസ പ്രവർത്തനങ്ങൾക്ക് തുടക്കമായ 23 മുതൽ അസോസിയേഷന്റെ പ്രവർത്തകർ ജില്ലയുടെ വിവിധ മേഖലകളിൽ കർമനിരതരാണ്. ജില്ലയിൽ നിന്നുള്ള 40 അംഗ സംഘത്തെ കൂടാതെ കണ്ണൂരിൽനിന്നും 52 പേർ അടങ്ങുന്ന സംഘവും ഇതിനായി രംഗത്തുണ്ട്. വെള്ളം കയറിയപ്പോൾ നിരവധി ട്രാൻസ്ഫോർമറുകൾ സുരക്ഷ മുൻനിർത്തി കെഎസ്ഇബി ഓഫാക്കിയിരുന്നു. ഇത് വീണ്ടും ചാർജ്ജ് ചെയ്യണമെങ്കിൽ സമീപത്തുള്ള വീടുകളിലെ വൈദ്യുതീകരണം കൃത്യമാക്കണം. വെള്ളം കയറിയതിനെത്തുടർന്ന് എല്ലാ വീട്ടിലും വയറിങ് താറുമാറായിരുന്നു. ഒരു പോയിന്റെങ്കിലും ശരിയാക്കി നൽകാനായിരുന്നു വൈദ്യുത ബോർഡിന്റെ നിർദേശം. എന്നാൽ അസോസിയേഷൻ അംഗങ്ങൾ എല്ലാ വീട്ടിലും വയറിങ് മുഴുവനായി നന്നാക്കി നൽകി .